# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

## ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്

## തിരുവനന്തപുരം

website: www. Forest.kerala.gov.in, Email: fibnews@gmail.com, Ph. 0471- 2529145


## പത്രക്കുറിപ്പ്

**തീയതി: 02.09.2019**

### എല്ലാ പരാതികളും തീർപ്പാക്കി തൃശ്ശൂർ ജില്ലാ വനം അദാലത്ത്. നഷ്ടപരിഹാരമായി 17 ലക്ഷം വിതരണം ചെയ്തു.

വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട 105 പരാതികൾ വേദിയിൽ തീർപ്പാക്കി 1686883 രൂപ നഷ്ടപരിഹാരവും നൽകി തൃശ്ശൂർ ജില്ലാ വനം അദാലത്ത് മാതൃകയായി. ലഭിച്ച 230 പരാതികൾക്കും വേദിയിൽ തന്നെ പരിഹരിച്ചു ഉത്തരവുകൾ കൈമാറി.കൂടാതെ അദാലത്തു വേദിയിൽ ലഭിച്ച 21 പരാതികളിൽ രണ്ടെണ്ണവും പരിഹരിച്ചു. വന സംബന്ധിയായ പൊതുജനങ്ങളുടെ പരാതികൾക്ക് അടിയന്തിര പരിഹാരം കാണുന്നതിന് വനം മന്ത്രിയുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും നടത്തുന്ന വന അദാലത്തുകളുടെ ഭാഗമായാണ് ജില്ലയിൽ അദാലത്ത് സംഘടിപ്പിച്ചത്.ജില്ലയിലെ നാല് ഡിവിഷനുകളിൽ നിന്നായി ലഭിച്ച 230 പരാതികളിൽ നാലെണ്ണമാണ് നിരസിച്ചത്. ഇതിൽ മൂന്നെണ്ണം കോടതിയുടെ പരിഗണനയിലുള്ളതും ഒരെണ്ണം പട്ടയ സംബന്ധമായിരുന്നെന്നും അധികൃതർ വ്യക്തമാക്കി

ചാലക്കുടി എസ് എൻ ജി ഓഡിറ്റോറിയത്തിൽ നടന്ന അദാലത്തിൽ വേദിയിൽ ലഭിച്ച 21 പരാതികളിൽ തീർപ്പാക്കാൻ ബാക്കിയുള്ളവ പരിശോധിച്ച് ഒരു മാസത്തിനകം തീർപ്പാക്കി പരാതിക്കാരെ വിവരമറിയിക്കുമെന്നും അധികൃതർ വ്യക്തമാക്കി. വന്യ ജീവി ആക്രമണം, കൃഷി നാശം അപകടകരമായ മരങ്ങൾ മുറിക്കൽ, പട്ടയഭൂമിയിലെ മരം മുറിച്ച് ഉപയോഗിക്കൽ എന്നിവ സംബന്ധിച്ച പരാതികളാണ് ലഭിച്ചതിലേറെയും.

സംസ്ഥാനത്തെ നാലാമത്തെ അദാലത്താണിത്. തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ജില്ലകളിലെ അദാലത്തകളാണ് നടന്നത്.


**ഡോ. അഞ്ജൽ കൃഷ്ണകുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ